**ലൈസൻസ് റദ്ദാക്കൽ :** ഒരു ലൈവ്സ്റ്റോക്ക് ഫാം, അതിൻെറതായ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരവും, ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള ലൈസൻസിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് പ്രവർത്തിപ്പിക്കാതിരിക്കുകയോ, പരിപാലിച്ചു പോരാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ, ഫാമിൻെറ ലൈസൻസ് റദ്ദാക്കുന്നതാണ്. അപ്രകാരം സംഭവിച്ചാൽ ഫാമിൻെറ ഉടമസ്ഥൻ ഉടനടി ഫാം അടച്ചുപൂട്ടേണ്ടതുമാകുന്നു.

ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഫാം പ്രവർത്തിപ്പിക്കുന്നപക്ഷം, കുറ്റസ്ഥാപനത്തിന്മേൽ, ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും, കുറ്റം തുടർന്നു പോരുന്ന സാഹചര്യത്തിൽ, ഒരോ ദിവസംതോറും അൻപതു രൂപയിൽ കവിയാത്ത തുക അധികപിഴയായും ചുമത്തുന്നതായിരിക്കും.

**കേരള പഞ്ചായത്ത് ഭവന നിർമ്മാണനിയമം, 2011, നിയമം 50**

ഈ നിയമപ്രകാരം എല്ലാ കന്നുകാലി പക്ഷി വളർത്തൽ കേന്ദ്രങ്ങളുടെയും കാര്യത്തിൽ, പ്ലോട്ട് വിസ്തീർണ്ണം കണക്കിലെടുക്കാതെ, 500 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അനുമതി ആവശ്യമില്ലാത്തതാകുന്നു. എന്നാൽ, ആകെ തറവിസ്തീർണ്ണം 500 ചതുരശ്രമീറ്ററിന് മുകളിലും 1000 ചതുരശ്രമീറ്റർ വരെയുമാണെങ്കിൽ ജില്ലാ ടൗൺ പ്ലാനറുടെ അനുമതിയും, കുടാതെ, അത് 1000 ചതുരശ്ര മീറ്ററിനുമുകളിലും ആണെങ്കിൽ മുഖ്യ ടൗൺ പ്ലാനറുടെ അനുമതിയും വാങ്ങേണ്ടതാണ്.


തയ്യാറാക്കിയത്

*ഡോ. ബിമൽ. പി. ബഷീർ, ഡോ. തിരുപ്പതി വെങ്കിടാചലപതി,*
*ഡോ.* ജമുന വത്സലൻ, *ഡോ.* ഉപാസന രത്നാകരൻ
*ഡോ.* സുനിത തോമസ്



പ്രസിദ്ധീകരണം

അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
**യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം മണ്ണുത്തി 680 651**
Email: goatandsheepf@kvasu.ac.in


# കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

## ആട് ഫാം തുടങ്ങുവാൻ (ലൈസൻസ്)



## എ. ഐ. സി. ആർ. പി. ഓൺ ഗോട്ട് ഇംപ്രൂവ്മെന്റ് (മലബാറി)


*സെന്റർ ഫോർ ആൻഡ്വാൻസ്ഡ് സ്റ്റഡീസ്*
*ഇൻ ആനിമൽ ജനട്ടിക്സ് ആൻഡ്*
*ബ്രീഡിങ്ങ്,* **കോളേജ് ഓഫ്** വെററററിനറി
**ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി,**
**ത്രിശ്ശൂർ, കേരളം 680 651**

# ആട് ഫാം തുടങ്ങുവാൻ (ലൈസൻസ്)

**വിവിധ ചട്ടങ്ങൾ**

- 2012– ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ
- കേരള പഞ്ചായത്ത് ഭവന നിർമ്മാണനിയമം, 2011, നിയമം 50

**കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012**

ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനു വേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിൻെറ അനുമതിക്കു വേണ്ടി ഫാറം – 1ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.

ഫാമിൽ വളർത്തുന്ന മൃഗങ്ങളുടെ എണ്ണപ്രകാരം, ക്രമനമ്പറും, ഫാമിൻെറ തരം / ക്ലാസ് നമ്പറും നിശ്ചയിച്ചിരിക്കുന്നു. 20 ആടുകൾക്ക് മുകളിലുള്ള ആടുവളർത്തൽ പദ്ധതിക്ക്, 1994 കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232–ാം വകുപ്പു പ്രകാരം ഗ്രാമപഞ്ചായത്തിൻെറ ലൈസൻസ് ആവശ്യമാണ്.

| ക്രമ നമ്പർ | ക്ലാസ് | ആടുകളുടെ എണ്ണം | ലൈസൻസ് ഫീസ് (രൂപ) | മാലിന്യം കൈയൊഴിക്കൽ |
|---|---|---|---|---|
| 1 | I | 21 – 50 | 100/- | വളക്കുഴി, ശേഖരണ ടാങ്ക് |
| 2 | II | 51 – 100 | 250/- | |
| 3 | III | 101 – 200 | 300/- | |
| 4 | IV | 201 – 500 | 500/- | |
| 5 | V | 501 – 750 | 1000/- | |
| 6 | VI | 750ൽ കൂടുതൽ | 2000/- | |

**സ്ഥലസംവിധാനം :** എറ്റവും കുറഞ്ഞ വിസ്തൃതി പട്ടിക പ്രകാരം, 4 ആടിന് ഒരുസെൻറ് ഭൂമി ആവശ്യമാണ്.

മാലിന്യസംസ്കരണം: ചാണകം, മൂത്രം, കഴുകിക്കളയുന്ന വെള്ളം, ആഹാരാവശിഷ്ടങ്ങൾ എന്നിവ വളക്കുഴി, ശേഖരണടാങ്ക് എന്നിവ വഴി കൈയൊഴിക്കേണ്ടതാണ്.

1) വളക്കുഴി, കംമ്പോസ്റ്റ്ക്കുഴി, ജൈവവാതക പ്ലാൻറ് എന്നിവയിൽ നിന്ന് ദഹനപ്രക്രിയയ്ക്കുശേഷം പുറന്തള്ളപ്പെടുന്ന അവശിഷ്ടം കാർഷികാവശ്യങ്ങൾക്കായി കാലാകാലങ്ങളിൽ നീക്കം ചെയ്യപ്പെടേണ്ടതാണ്.

2) മനുഷ്യോപയോഗത്തിന് ജലം എടുക്കുന്ന ജലസ്രോതസ്സിനുസമീപം മാലിന്യനിർമ്മാർജ്ജന ക്രമീകരണം ഏർപ്പെടുത്താൻ പാടുള്ളതല്ല.

**മൃഗങ്ങൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ വ്യാപിക്കുന്നതിനെതിരെ സ്വീകരിക്കേണ്ട മുൻകരുതലുകൾ**

രോഗങ്ങൾ പടരുന്നതിനെതിരെ ഔഷധപ്രയോഗം, ക്വാറൻെറയിൻ, അണുനാശിനിപ്രയോഗം, കുത്തിവെയ്പ്പ് എന്നിവ നടത്തേണ്ടതാണ്.

